കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - ഹയർസെക്കണ്ടറി വിദ്യാഭ്യാസം - എയ്ഡഡ് - ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ നിയമനത്തിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ പ്രതിനിധികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്

സ.ഉ.( കയ്യെഴുത്ത്) നം.245/2009/പൊ.വി.വ. തീയതി, തിരുവനന്തപുരം, 14.12.2009.

---

സൂചന:- സർക്കാർ ഉത്തരവ് (പി) നം.38/2005/പൊ.വി.വ. തീയതി: 04.02.2005.

## <u>*ഉത്തരവ്*</u>

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപക നിയമനത്തിനായി രൂപീകരിച്ചിട്ടുള്ള ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരമായിരിക്കണം എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം നടത്തേണ്ടത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂൾ മാനേജർ, പ്രിൻസിപ്പാൾ, സർക്കാർ പ്രതിനിധി എന്നിവരുൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയിലെ സർക്കാർ പ്രതിനിധിയെ നിർദ്ദിഷ്ട ഉദ്യോഗസ്ഥരുടെ നിലവിലുള്ള പാനലിൽ നിന്നും സ്കൂൾ മാനേജർ തെരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ അദ്ധ്യാപകരുടെ നിയമനാംഗീകാരം നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ പ്രസ്തുത സെലക്ഷൻ കമ്മിറ്റിയിൽ അംഗങ്ങളാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. മേൽപ്പറഞ്ഞ സാഹചര്യത്തിൽ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് നിയമനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള <u>ഹയർസെക്കണ്ടറി വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ സർക്കാർ പ്രതിനിധിയായി അംഗങ്ങളാകുന്നത് ഉടൻ പ്രാബല്യത്തിൽ വിലക്കിക്കൊണ്ട് ഉത്തരവാകുന്നു.</u> ഹയർസെക്കണ്ടറി ഡയറക്ടർ ഇതു സംബന്ധമായ അറിയിപ്പ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും എല്ലാ സ്കൂൾ മാനേജർമാർക്കും അടിയന്തരമായി നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കുമാരി ലക്ഷ്മി പി.മേനോൻ,
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,
തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്.
പൊതുവിദ്യാഭ്യാസ (യു)/(എസ്.സി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ